13982
30/12/14

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി വികസന വകുപ്പ് - നിലവിൽ സേവനമനുഷ്ഠിക്കുന്ന പട്ടികജാതി പ്രമോട്ടർമാർക്ക് പകരം പുതിയ പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടും തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=======================================================

## പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

**സ.ഉ.(എം.എസ്)നം. 99/2014/പജപവവിവ** **തിരുവനന്തപുരം, തീയതി 24.12.2014**

=======================================================

പരാമർശം: 1. 20.08.2001 ലെ 12003/ബി3/2001/പജപവവി നമ്പർ സർക്കാർ കത്ത്.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28.03.2014, 06.11.2014 തീയതികളിലെ ഡെവ. എ 2 -27798/14 നമ്പർ കത്തുകൾ.

### ഉത്തരവ്

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന എസ്.സി പ്രമോട്ടർമാരുടെ പ്രവർത്തന കാലാവധി 31.12.2014-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ പ്രമോട്ടർമാരെ നിയമിക്കുന്നതിനും പട്ടികജാതി പ്രമോട്ടർമാരുടെ നിയമനം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എസ്.സി പ്രമോട്ടർമാരെ തെരഞ്ഞെടുത്ത് ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ
   i. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത +2 അല്ലെങ്കിൽ തത്തുല്യ യോഗ്യത (കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നല്കുന്നതാണ്).
   ii. പ്രായ പരിധി 18-40 വയസ്സ് വരെ
   iii. പ്രീമെട്രിക് ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല വഹിക്കുന്ന പട്ടികജാതി പ്രൊമോട്ടർമാർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ബിരുദം ആയിരിക്കും. B.Ed യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

II. ഓരോ ജില്ലയിലെയും പ്രമോട്ടർമാരിൽ നിന്നും 10% പേരെ പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകരിൽ നിന്നും നിയമിക്കാവുന്നതാണ്. ഇവരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സിയും ഉയർന്ന പ്രായപരിധി 50 വയസ്സും ആയിരിക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ മൂന്നു വർഷത്തിൽ കുറയാതെ സാമൂഹ്യ പ്രവർത്തനം നടത്തുന്നവരാണെന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രവും വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് /ടി.സി പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

III. 8 വർഷത്തിൽ കൂടുതൽ കാലം പ്രൊമോട്ടർമാരായി പ്രവർത്തിച്ചവരെ വീണ്ടും പരിഗണിക്കുന്നതല്ല.

IV. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിനു പരിഗണിക്കുന്നതാണ്.

V. പ്രൊമോട്ടർമാരായി നിയോഗിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

VI. മുമ്പ് പ്രൊമോട്ടറായി പ്രവർത്തിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചുവിടുകയും ചെയ്തവരുടെ അപേക്ഷകൾ വീണ്ടും പരിഗണിക്കുന്നതല്ല.

VII. പരാതിയുടെയോ ജോലിയിൽ വീഴ്ച വരുത്തുന്നതിന്റെയോ വ്യക്തമായ ആരോപണത്തിന്റെയോ അടിസ്ഥാനത്തിൽ പിരിച്ചുവിടുന്നത് സംബന്ധിച്ച് കൈക്കൊള്ളുന്ന തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും

VIII. 35% പ്രൊമോട്ടർ തസ്തികകൾ വനിതകൾക്കായി നീക്കി വയ്ക്കേണ്ടതാണ്.

IX. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രൊമോട്ടർമാരുടെ എണ്ണം സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം തുടരുന്നതാണ് [പഞ്ചായത്ത് -1, മുനിസിപ്പാലിറ്റി - 3, കോർപ്പറേഷൻ - 5 ].

X. തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാർക്ക് 5 ദിവസത്തെ നിർബന്ധിത പരിശീലനം ('കില' / IMG / വകുപ്പ്തല പരിശീലനം) നൽകേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതിവിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നല്കിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് പ്രൊമോട്ടർമാർക്ക് പരിശീലനം നല്കേണ്ടതാണ്.

XI. പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർമാർ മാസത്തിലൊരിക്കലും ജില്ലാ പട്ടികജാതിവികസന ഓഫീസർമാർ മൂന്ന് മാസത്തിലൊരിക്കലും അവലോകനയോഗം നടത്തേണ്ടതും പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നല്കേണ്ടതുമാണ്. പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന പ്രൊമോട്ടർമാരെ കണ്ടെത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശവും ജില്ലാ ഓഫീസർമാർ നല്കേണ്ടതാണ്.

നിലവിലുള്ള പട്ടികജാതി പ്രൊമോട്ടർമാരുടെ കാലാവധി 31.12.2014-ന് അവസാനിക്കുന്നതിനാൽ പുതിയ പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതും പുതിയതായി നിയോഗിക്കപ്പെടുന്ന പ്രൊമോട്ടർമാർ ചുമതല ഏൽക്കുന്നതു വരെ നിലവിലുള്ള പ്രൊമോട്ടർമാരെ തുടരാൻ അനുവദിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ. ആഷാ തോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി.
ഇൻഫർമേഷൻ ആഫീസർ ( വെബ് ആന്റ് ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Sali. K.J

സെക്ഷൻ ഓഫീസർ.